# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 34** **10.03.2015 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>" എ.എ.അസീസ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) 25.11.2013 ലെ സർക്കാർ ഉത്തരവ് (പി) 49/2013/ഊ.വ പ്രകാരം രൂപീകരിച്ച കേരള സൗരോർജ്ജ നയം 2013 പ്രകാരം 2017-ഓടുകൂടി 500 MW -ന്റെ സോളാർ വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിനായി അനെർട്ടിന്റെ നേതൃത്വത്തിൽ പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയും (Off Grid) 12000 കിലോവാട്ട് സോളാർ ഗ്രിഡ് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><u>10000 റൂഫ് ടോപ്പ് പദ്ധതി</u> : പതിനായിരം വീടുകളിലായി ഒരു കിലോവാട്ട് ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെയായി 14000 ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 7000 ഓളം വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞു. ഇതിലൂടെ 7 മെഗാ വാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ അനുമതി ലഭിച്ച ഭവനങ്ങളിൽ ബാക്കിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><u>സോളാർ ഗ്രിഡ് കണക്ട് പദ്ധതി</u> : സൗരോർജ്ജ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി നേരിട്ട് വൈദ്യുത ശൃംഖലയിലേക്ക് ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിലൂടെ 2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ |

സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ 12 മെഗാവാട്ട് പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ സബ്സിഡി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 5 മെഗാവാട്ടിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായവും ഉത്തരവായിട്ടുണ്ട്. 2014 ഡിസംബർ മുതൽ പ്രസ്തുത പദ്ധതിക്കായുള്ള അപേക്ഷ സ്വീകരിച്ചുവരുന്നു.

അനെർട്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് വിവിധ സർക്കാർ/ അർദ്ധ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിലായി 434.36 കിലോവാട്ട് സോളാർ പവർ പ്ലാന്റുകൾ പൂർത്തിയാക്കി കഴിഞ്ഞു. ഇതു കൂടാതെ ഇത്തരത്തിൽ 689 കിലോവാട്ട് പ്ലാന്റുകളുടെ പണി പുരോഗമിച്ചു വരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ കുഴൽ മന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പദ്ധതിക്കായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷം 33,000 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തു. കൂടാതെ 13,000 എൽ.ഇ.ഡി സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം (2014-15) 30,000 എണ്ണം സി.എഫ്.എൽ. സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിനായുള്ള നടപടികളും പുരോഗമിക്കുന്നു.

2013-14 സാമ്പത്തിക വർഷം 45 മെഗാവാട്ട് ശേഷിയുള്ള 637 സൗരോർജ്ജ തെരുവ് വിളക്കുകൾക്കായി ഗുണഭോക്തൃ വിഹിതം ലഭിക്കുകയും അതിൽ മുന്നൂറോളം സൗരോർജ്ജ തെരുവ് വിളക്കുകൾ ഇതിനോടകം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡ് മുഖാന്തിരം ആയതിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ള പദ്ധതിയ്ക്ക് അനുയോജ്യമായ

സ്ഥലങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(ബി)സൗരോർജ്ജ വൈദ്യുതി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകി വരുന്നു. 10000 റൂഫ് ടോപ്പ് സോളാർ പദ്ധതിയിൻ കീഴിൽ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയായി ഒരു കിലോവാട്ടിന് 92,262/- രൂപയും, സോളാർ ഗ്രിഡ് കണക്ട് പദ്ധതിയിൻ കീഴിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റിന് കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയായി പരമാവധി 34,000/- രൂപയും നൽകുന്നുണ്ട്.

സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സൗരോർജ്ജ റാന്തൽ വാങ്ങുന്ന എസ്.സി./എസ്.ടി/ ബി.പി.എൽ. വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കൾക്ക് റാന്തൽ ഒന്നിന് 1000 രൂപ സബ്സിഡിയും ജനറൽ വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് 500 രൂപ സബ്സിഡിയും സർക്കാർ ധനസഹായമായി നൽകിവരുന്നു.

2013-14 വർഷം സർക്കാർ സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലും സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിച്ചു നൽകുന്ന പദ്ധതിയിൽ തെരുവ് വിളക്ക് ഒന്നിന് 30,000/- രൂപ സംസ്ഥാന സർക്കാർ ധനസഹായം നൽകുകയും ചെയ്തു.

കൂടാതെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതു പ്രോത്സാപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ പ്ലാന്റുകൾക്ക് ജനറേഷൻ ബെയ്സ്ഡ് ഇൻറ്റൻസീവ് പദ്ധതി (GBI) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് ഒരു രൂപ നിരക്കിൽ അഞ്ചു വർഷത്തേയ്ക്കോ സൗരോർജ്ജ വൈദ്യുതി വാങ്ങൽ കരാർ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് -ൽ പൂർത്തീകരിക്കുന്നതു വരേയോ കരാർ പ്രകാരമുള്ള സൗരോർജ്ജം

| | |
|---|---|
| | സ്വന്തമായി ഉത്പാദിപ്പിക്കുന്നതുവരേയോ ഇൻസെന്റീവ് നൽകുന്നതുണ്. |
| (സി) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

S-34
10/03/15

## 2011 മുതൽ 2014 വരെ സർക്കാർ /അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ അനെർട്ട് വഴി നടപ്പിലാക്കിയ പദ്ധതികൾ

| Sl.No. | Organisations/Institutions | Capcity (kW) |
|---|---|---|
| 1 | Women's and Children's Hospital, Thycaud | 40 |
| 2 | Planning Board, Pattom | 20 |
| 3 | Medical College Hospital, Trivandrum | 20 |
| 4 | Manmohan Bunglow, Trivandrum | 3 |
| 5 | Thycaud House, Trivandrum | 2 |
| 6 | AG's Office, Trivandrum | 10 |
| 7 | ANERT Headquarters, Trivandrum | 15 |
| 8 | Irinjalakkuda Municipality | 25 |
| 9 | Capex Factory (10 Nos x 3kW) | 30 |
| 10 | Special economic zone, Kochi | 25 |
| 11 | Mar Athanasious College for Advanced Studies, Thiruvalla | 27.6 |
| 12 | Barille without Border | 2 |
| 13 | Scholar Builders, Palakkad | 1.3 |
| 14 | Malankara Plantation | 25 |
| 15 | Bharat Petroleum | 15 |
| 16 | Vedasudha Ayurvedic Hospitals, Kottayam | 3 |
| 17 | HLL Life Care, Sreekariyam | 25 |
| 18 | Sanathan Infrastructure, Ernakulam | 6.5 |
| 19 | Mar Baselious College of Engineering Technology, Trivandrum | 99.36 |
| 20 | Thankam Hospital | 27.6 |
| 21 | 1 kW Solar Power Plant for House Hold customers (8 nos. x 1kW) | 8 |
| 22 | Centre for Pig Productions & Research | 4 |
| | **Total (kW)** | **434.36** |

8 - 34
10/03/15

[illegible]

| Project Name | Capacity kWp |
|---|---|
| Kalanjoor Grama Panchayat in Pathanamthitta District | 2 |
| Perambra Taluk Hospital in Kozhikode District | 2 |
| Thrikkadavoor Grama Panchayat in Kollam District | 3 |
| Thrikkur Grama Panchayat in Thrissur District | 3 |
| Govt. Polytechnic, Meppady in Wayanad District | 3 |
| Chelannur Block Panchayat in Kozhikkode District | 4 |
| CHC Narikuni, Chelannur in Kozhikkode District | 4 |
| Kannur Block Panchayat in Kannur District | 5 |
| Govt. Mental Health Centre in Thrissur District | 5 |
| Govt. Homoeopathic Medical College Hospital in Kozhikkode District | 5 |
| Mathilakam Block Panchayat in Thrissur District | 5 |
| Kumily Grama Panchayat in Idukki District | 6 |
| Kasaragod Govt. College in Kasaragod District | 10 |
| Konni Block Panchayat in Pathanamthitta District | 10 |
| KSIHFW, Thiruvananthapuram | 15 |
| IMG, Thiruvananthapuram | 25 |
| Kerala University, Karivattom Campus, Thiruvananthapuram | 100 |
| Aryad Grama Pt. Alappuzha Disrict | 4 |
| Vazhappally Grama Pt. Kottayam District | 2 |
| Kulasekharapuram Grama Pt. Kollam District | 2 |
| Kodakara Block Panchayat- | 3 |
| Aralam Wildlife Division-Offiece,Kannur District | 2 |
| 2kW- Aralam Wildlife Division-Dormitory,Kannur District | 2 |
| Govt. Law College, Kozhikode | 9 |
| Vengola Grama Panchayat, Ernakulam | 2 |

| | |
|---|---|
| [illegible]assery Grama Panchayat, Kizhikode | 3 |
| CWRDM Subcenter, Neyattinkara | 4 |
| Pulloor- Periya Grama Panchayat | 4 |
| Kadannappally- pannappuzha Grama Panchayat | 6 |
| Keezhmad GP-Ernakulam District | 2 |
| kW-E.K.N.M Govt. College, Kasargode District | 10 |
| Kattampally GMUPS- Chirakkal Grama Pt | 4 |
| CWRDM, Kozhikkode | 20 |
| Taluk Hospital Cherthala | 45 |
| Cliff House, Thiruvananthapuram | 5 |
| Assumption College, Changanassery, Kottayam | 3 |
| Cherthala Municipality, Alappuzha | 18 |
| ADGP, SBCID, HeadQuarters, Thiruvanathapuram | 5 |
| KFRI, Peechi, Thrissur | 20 |
| Thrissur Corporation, Thrissur | 200 |
| Kozhinjanpara Grama Pt | 4 |
| Attingal Municipality | 3 |
| **TOTAL** | 689.00 |